"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ് അട്ടക്കുളങ്ങര റോഡ് വികസനം - എൽ.എ.ആർ. 182/2006 നമ്പർ കേസ് - ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1003/2025/LSGD തീയതി,തിരുവനന്തപുരം, 22-04-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.2567/2024/തസ്വഭവ തീയതി 30.12.2024

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്-അട്ടക്കുളങ്ങര റോഡ് വികസനത്തിനായി ശ്രീ.ശേഖർ, ശ്രീമതി.ജയന്തി ശേഖർ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 182/2006 നമ്പർ കേസിൽ, ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്നും അനുവദിച്ച 50% വിധിക്കടത്തുകയായ 23,60,462/-രൂപയും 31.12.2024 വരെയുള്ള ബാലൻസ് തുകയായ 27,25,363/- രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം ഭരണാനുമതി ഉത്തരവായിരുന്നു.

2) മുൻ സാമ്പത്തിക വർഷം ഭരണാനുമതി ഉത്തരവായ മേൽ തുകകൾ ടി വർഷം തന്നെ റിലീസ് ചെയ്യുന്നതിന് കഴിഞ്ഞിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ എൽ.എ.ആർ. 182/2006 നമ്പർ കേസിൽ ജില്ലാ കളക്ടർ പാസ്സാക്കിയ ബാലൻസ് വിധിക്കടത്തുകയായ 27,25,633/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപത്തിയയ്യായിരത്തി അറുന്നൂറ്റി മുപ്പത്തിയാറ് രൂപ) കക്ഷികൾക്ക് അനുവദിക്കുന്നതിനും, കോടതിയടിയന്തിരം പ്രമാണിച്ച് ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡായ 8674-00-101-99-ൽ നിന്നും അനുവദിച്ച 50% വിധിക്കടത്തുകയായ 23,60,462/-രൂപയും (ഇരുപത്തിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി നാനൂറ്റി അറുപത്തിരണ്ട് രൂപ) ചേർത്ത് ആകെ 50,85,825/- രൂപ (അൻപത് ലക്ഷത്തി എൺപത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
ധനവകുപ്പ് (WCD-2/133/2023-ധന(2450910) dated 24.02.2025
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/61/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 22-04-2025 14:27:08
സെക്ഷൻ ഓഫീസർ